## പതിമൂന്നാം കേരള നിയമസഭ

### ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 947 — 12.12.2012-ൽ മറുപടിക്ക്

### സ്വകാര്യ ആശുപത്രികളിലെ നേഴ്സുമാരുടെ സേവന വേതന വ്യവസ്ഥകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. വി. വിജയദാസ് | ശ്രീ. ഷിബു ബേബി ജോൺ (തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) സ്വകാര്യ ആശുപത്രികളിലെ നേഴ്സുമാരുടെ സേവന – വേതന വ്യവസ്ഥകൾ ഏകീകരിക്കുന്നതിന് സർക്കാർ തലത്തിൽ നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) സ്വകാര്യ ആശുപത്രികളിലെ നേഴ്സുമാരുടെ വേതനവ്യവസ്ഥകൾ ഇതിനകം ഏകീകരിച്ച് നോട്ടിഫിക്കേഷൻ (മിനിമം വേജസ്) പ്രസിദ്ധീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. ടി മേഖലയ്ക്കായി രൂപീകരിച്ചിട്ടുള്ള വ്യവസായബന്ധ സമിതി സേവന വ്യവസ്ഥകൾ ഏകീകരിക്കുന്നതിനുള്ള പ്രവർത്തനം നടത്തിവരുന്നു. |
| (ബി) നിരന്തരം നേഴ്സുമാർ നടത്തിവരുന്ന സമരങ്ങളുടെ നിജസ്ഥിതി മനസ്സിലാക്കുവാൻ ഏതെങ്കിലും കമ്മീഷനെ നിയോഗിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നിയോഗിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ ? | (ബി) ഇപ്പോൾ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ആഫീസർ